M1001

രണ്ടാം ടേം മൂല്യനിർണ്ണയം 2011 ഡിസംബർ

# മലയാളം-കേരള പാഠാവലി

## ക്ലാസ് - X

സമയം : 11/2 മണിക്കൂർ

സ്കോർ :40

പൊതുനിർദ്ദേശങ്ങൾ : 15 മിനുറ്റ് കൂൾഓഫ് സമയം ഉണ്ടായിരിക്കുന്നതാണ്.
എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം
ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം

1.

'ചന്ദ്രൻ ചോദ്യരൂപത്തിൽ ഇന്ദ്രദിക്കിൽ നിന്നെത്തിനോക്കി'

- ഉതുപ്പാന്റെ കിണർ

- ഈ വാക്യത്തിന് കഥാസന്ദർഭത്തിലെ ഏറ്റവും യോജിച്ച അർത്ഥ

i. ചന്ദ്രന് ചോദ്യരൂപത്തിന്റെ ആകൃതിയായിരുന്നു.

ii. ചന്ദ്രന് അയാളുടെ പ്രവൃത്തിയിൽ ആകാംക്ഷയുണ്ടായിരുന്നു.'

iii. അയാളുടെ പ്രവൃത്തിയിൽ ചന്ദ്രൻ സാക്ഷിയായി.

iv. ചന്ദ്രൻ അയാളെ ചോദ്യം ചെയ്തു.

*(സ്കോർ 2)*

2. "നളനഗരേ വാഴുന്നു ഞാൻ നളിനജന്മവചസാ
നളിനമിഴിമാർക്കെല്ലാം നട പഠിപ്പാൻ"
- ഹംസത്തിന്റെ ഈ വാക്കുകളിൽ ദമയന്തിയെ സ്വാധീനിക്കാനുള്ള എന്തെല്ലാം തന്ത്രങ്ങളാണ് ഒളിഞ്ഞിരിക്കുന്നത്?

(സ്കോർ 2)

3. 'ഇല്ലത്ത് ഗൃഹച്ഛിദ്രം സഹിയ്ക്കു വയ്യാതായിരിക്കുണു'
'ഓഹോ, ആരു തമ്മിലാ. മൂസ്സും മറ്റുമായിട്ടാണോ?'
'അതല്ലാ
പിന്നാരാ
അകത്താ
ആഹാ, അങ്ങിന്ന്യാ. ഛിദ്രം അകത്തു ഉടങ്ങ്യാൽ ബുദ്ധിമുട്ടന്ന്യാണേ. ആട്ടെ ആരു തമ്മിലാ.
അകായിലോ. അമ്മയോ....
അവരാരുമല്ല
ഹേയ് പിന്നാരാ വഴക്കിന്
മുരിഞ്ഞപ്പേരീം ചോറും
എന്ത് വഴക്കോ
ആ..........

— വിദൂഷകത്വത്തിലെ ചില സംഭാഷണങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഈ ഭാഷയുടെ സവിശേഷതകൾ സൂചനകളായി എഴുതുക.

(സ്കോർ 2)

4.

"ഒരു സ്ത്രീ അമ്മയാകുമ്പോൾ ലോകത്തിന്റെ മുഴുവൻ അമ്മയാവുകയാണ്".

- ഗാന്ധാരിവിലാപത്തെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയുടെ പൊരുൾ വിശദീകരിക്കുക. *(സ്കോർ 4)*

5.

- ഇവനെന്തു പ്രാന്താണെന്ന് ചിലർ പറഞ്ഞു.
- വല്ല നിധിയും കിട്ടുമെന്നുവച്ചാ പാവം പാടുപെടുന്നത്.
- തെമ്മാടി! വഴിയുടെ വക്കിലൊരു കിണർ കുഴിച്ചിട്ടിരിക്കുന്നു. പശുവിനെ അഴിച്ചുവിട്ടാൽ കൂടെക്കൂടെ നോക്കണെ പിള്ളാരെ!

ഉതുപ്പാന്റെ പ്രവൃത്തിയോടുള്ള സമൂഹത്തിന്റെ പ്രതികരണങ്ങളാണിത്.

എന്നും നന്മ ചെയ്യുന്നവർക്ക് കിട്ടുന്ന പാരിതോഷികങ്ങളാണ് ഇത്തരം പ്രതികരണങ്ങൾ.

- ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കഥയിലെ മറ്റു സന്ദർഭങ്ങൾ കൂടി കണ്ടെത്തി നിങ്ങളുടെ അഭിപ്രായം കുറിപ്പായി എഴുതുക. *(സ്കോർ 4)*

6.

"അതൊന്നും നടക്കുമെന്നു തോന്നുന്നില്ല. എന്തിനാ ഈ അവധി തരുന്നതെന്നറിയാമോ? വീടുകാണാനാണ്; എല്ലാം കണ്ടിട്ടു പോരണം. ഇനിയും യോഗമുണ്ടെങ്കിലേ അമ്മയേയും മക്കളേയും ഒക്കെ കാണാനൊക്കൂ. നമ്മെ യുദ്ധത്തിനയയ്ക്കാൻ പോവുകയാണ്".

- പട്ടാളക്കാരുടെ ജീവിതത്തിലെ അരക്ഷിതാവസ്ഥ ഈ സംഭാഷണം വെളിപ്പെടുത്തുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം ഒരു കുറിപ്പായി എഴുതുക. *(സ്കോർ 4)*

7.

'അവ പോയെങ്കിലീഞാൻ മറ്റൊരാളായിത്തീരും
അവനീബന്ധം വിട്ടൊരക്കിലസ്സിനെപ്പോലെ.' - **വിണ്ടകാലടികൾ**

- അക്കിലസ് എന്ന ഗ്രീക്ക് കഥാപാത്രം കവിതാസന്ദർഭത്തിനുനൽകുന്ന ആശയഭംഗി വിശദീകരിച്ച് കുറിപ്പുതയാറാക്കുക. *(സ്കോർ 4)*

8.

മണ്ണുമായുള്ള ബന്ധമാണ് തന്റെ ശക്തിയെന്ന് കവി 'വിണ്ടകാലടികൾ' എന്ന കവിതയിലൂടെ വെളിപ്പെടുത്തുന്നു. എന്നാൽ ഇന്ന് മണ്ണിൽ നിന്ന് മനുഷ്യൻ അകലുന്നുണ്ടോ? ഇന്നത്തെ സാമൂഹികാവസ്ഥയിൽ 'വിണ്ടകാലടികൾ' എന്ന കവിതയിലെ പ്രമേയത്തെ വിലയിരുത്തി കുറിപ്പു തയാറാക്കൂ. *(സ്കോർ 6)*

9.

"എത്രയും ബാലയായ് മേവിനോരുത്തര
ചിത്തമുഴന്നലറുന്നതു കാൺക നീ
സുന്ദരിയായ സുഭദ്രയും ഭൂമിയിൽ
ക്രന്ദനം ചെയ്തുരുളുന്നതു കാൺക നീ
അല്ലൽ പൂണ്ടിങ്ങനെ ഞങ്ങൾ കേഴുന്നതി-
ലില്ലയോ ഖേദം ചെറുതുനിൻമാനസേ?". - **ശ്രീമഹാഭാരതം കിളിപ്പാട്ട്- എഴുത്തച്ഛൻ**

"ഇവിടെ ഞങ്ങൾ (പാണ്ഡവർ) ക്ഷത്രിയർക്കു പ്രാപിക്കാവുന്ന പരമോന്നത പദവിയിൽ എത്തിയിരിക്കുന്നു; അതിലെത്തുവാൻ വേണ്ടി തങ്ങൾ ചെയ്ത 'വീരകർമ'ങ്ങളുടെ ഫലമാണ് ഇന്ന് ഈ സഹോദരി കേവലം അനാഥയായി വെറും പിച്ചക്കാരിയെപ്പോലെ തന്റെ മുന്നിൽവന്നുകേഴുന്നത്"

**- ഭാരതപര്യടനം -കുട്ടിക്കൃഷ്ണമാരാർ**

- മുകളിൽ കൊടുത്തിരിക്കുന്ന ഭാഗങ്ങൾ വിശകലനം ചെയ്ത് യുദ്ധം ബാക്കി വയ്ക്കുന്ന ദുരന്തങ്ങളിൽ ഏറിയപങ്കും അനുഭവിക്കേണ്ടിവരുന്നത് സ്ത്രീകളും കുട്ടികളുമാണ് എന്ന പ്രസ്താവനയോടുള്ള പ്രതികരണം യുക്തിപൂർവം സമർഥിക്കുക. *(സ്കോർ 6)*

10.

'മനുഷ്യബന്ധങ്ങളാണ് ജീവിതത്തിന്റെ നിലനിൽപിനാധാരം. ധനമോഹം സ്വാർത്ഥതാൽപര്യം എന്നിവ ഈ ബന്ധങ്ങളെ ശിഥിലമാക്കുന്നു.'

- സമകാലികസാഹചര്യങ്ങൾ കൂടി പരിഗണിച്ച് മനുഷ്യബന്ധങ്ങളുടെ പ്രാധാന്യം വെളിപ്പെടുത്തുന്ന ഉപന്യാസം തയാറാക്കുക. *(സ്കോർ 6)*